# കേരള സർവകലാശാല

നം.പി.ആർ.200/2019 ഫോൺ: 2305738

## പത്രക്കുറിപ്പ്

### പ്രാക്ടിക്കൽ/വൈവ

നാലാം സെമസ്റ്റർ സി.ബി.സി.എസ് ബി.എസ്.സി ബോട്ടണി, മൈക്രോബയോളജി (2017 അഡ്മിഷൻ റെഗുലർ, 2016 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2014 & 2013 അഡ്മിഷൻ സപ്ലിമെന്ററി) എന്നീ വിഷയങ്ങളുടെ പ്രാക്ടിക്കൽ ഒക്ടോബർ 21, 3 തീയതികളിൽ നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

2019 സെപ്റ്റംബറിൽ നടന്ന നാലാം സെമസ്റ്റർ എം.എസ്.സി ഇലക്ട്രോണിക്സിന്റെ വൈവ ഒക്ടോബർ 3 നും എം.എസ്.സി മൈക്രോബയോളജി പരീക്ഷയുടെ പ്രാക്ടിക്കൽ/വൈവ ഒക്ടോബർ 1 നും അതതു കേന്ദ്രങ്ങളിൽ വെച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2019 സെപ്റ്റംബറിൽ നടന്ന നാലാം സെമസ്റ്റർ എം.എസ്.സി കമ്പ്യൂട്ടർ സയൻസ് പരീക്ഷയുടെ വൈവ സെപ്റ്റംബർ 26, 30 തീയതികളിൽ അതതു കേന്ദ്രങ്ങളിൽ വെച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

ആറാം സെമസ്റ്റർ ബി.ടെക് (2008 സ്കീം) മേയ് 2019 (സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ മെക്കാനിക്കൽ സ്ട്രീം – പ്രൊഡക്ഷൻ എഞ്ചിനീയറിംഗ് ബ്രാഞ്ച് സെപ്റ്റംബർ 26 ന് എസ്.സി.ടി കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരത്തും ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് ബ്രാഞ്ച് സെപ്റ്റംബർ 25, 26, 27 തീയതികളിൽ യഥാക്രമം ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, ബാർട്ടൺഹിൽ, കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം, ടി.കെ.എം കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കൊല്ലം എന്നിവിടങ്ങളിൽ വെച്ചും കമ്പ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനീയറിംഗ് ബ്രാഞ്ച് സെപ്റ്റംബർ 26, 27 തീയതികളിൽ ടി.കെ.എം കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കൊല്ലം, യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കാര്യവട്ടം എന്നിവിടങ്ങളിലും നടക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

സെപ്റ്റംബർ 25 ന് നടത്താനിരുന്ന ബി.കോം/ബി.എസ്.സി (ബയോകെമിസ്ട്രി, സൈക്കോളജി, പോളിമർ കെമിസ്ട്രി) പ്രാക്ടിക്കൽ സെപ്റ്റംബർ 30 ന് നടത്തുന്നതാണ്. പരീക്ഷാകേന്ദ്രത്തിനും സമയത്തിനും മാറ്റമില്ല.

### പരീക്ഷാഫലം

2019 ജൂലൈയിൽ നടത്തിയ എം.എസ്.സി അപ്ലൈഡ് സൈക്കോളജി 2017 – 2019 ബാച്ച് (സി.എസ്.എസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. 2019 മേയിൽ നടന്ന രണ്ട്, നാല് സെമസ്റ്റർ (പഞ്ചവത്സരം) എൽ.എൽ.ബി പരീക്ഷകളുടെ (2011 – 12 അഡ്മിഷന് മുൻപുള്ളത്) പരീക്ഷാഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 10 വരെ അപേക്ഷിക്കാം.

## പരീക്ഷാഫീസ്

ഒക്ടോബർ 14 ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ ബി.എ/ബി.എസ്.സി/ബി.കോം സി.ബി.സി.എസ് (2018 അഡ്മിഷൻ റെഗുലർ, 2017 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2014, 2015, 2016 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയ്ക്ക് പിഴ കൂടാതെ സെപ്റ്റംബർ 26 വരെയും 150 രൂപ പിഴയോടെ സെപ്റ്റംബർ 28 വരെയും ഓൺലൈനായി രജിസ്റ്റർ ചെയ്യാം.

മൂന്നാം സെമസ്റ്റർ കരിയർ റിലേറ്റഡ് ബി.എ, ബി.എസ്.സി, ബി.കോം, ബി.ബി.എ, ബി.സി.എ, ബി.പി.എ, ബി.എം.എഡ്, ബി.എസ്.ഡബ്ല്യൂ, ബി.വോക് പരീക്ഷകൾക്ക് പിഴ കൂടാതെ സെപ്റ്റംബർ 26 വരെയും 150 രൂപ പിഴയോടെ സെപ്റ്റംബർ 28 വരെയും 400 രൂപ പിഴയോടെ ഒക്ടോബർ 1 വരെയും ഓൺലൈനായി രജിസ്റ്റർ ചെയ്യാം.

## അപേക്ഷ ക്ഷണിക്കുന്നു

തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം പി.എം.ജി യിലെ സ്റ്റുഡൻസ് സെന്റർ കാമ്പസിൽ വെച്ച് നടത്തുന്ന ആറ് മാസം ദൈർഘ്യമുള്ള സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് കോഴ്സിന് (സി.എൽ.ഐ.എസ്.സി) സെപ്റ്റംബർ 30 വരെ അപേക്ഷിക്കാം. യോഗ്യത: പ്ലസ്ടു/പ്രീ-ഡിഗ്രി, ഫീസ്: 7500/-, ക്ലാസ്: ശനി, ഞായർ ദിവസങ്ങളിൽ. വിശദവിവരങ്ങൾക്ക്: 0471 – 2302523

തിരുവനന്തപുരം.
23.09.2019

പബ്ലിക് റിലേഷൻസ് ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098